സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 28-31

പാലൈ
PALAI பாலை
ISSN No: 3049-0316

# ആണിടങ്ങൾ, അധികാരഇടങ്ങൾ: പിതൃകോയ്മ സൃഷ്ടിക്കുന്ന സംഘർഷങ്ങൾ എം.ടിയുടെ തിരക്കഥകളിൽ



**ഡോ. ഫാ. മാർട്ടിൻ ജോസഫ്**

**സംഗ്രഹം**

ആണധികാരത്തിന്റെ വ്യവസ്ഥാരൂപമായ പിതൃകോയ്മ സൃഷ്ടിച്ചെടുത്ത ഒരു സാമൂഹ്യ പ്രതലത്തിലാണ് നാം ഇപ്പോഴും ജീവിക്കുന്നത്. അധികാരശ്രേണിയുടെ മുകൾത്തട്ടിൽ ആണിനെ പ്രതിഷ്ഠിക്കുന്നതുകൊണ്ട് 'ആണത്ത'ത്തിനു പുറത്തുള്ളതിനെയെല്ലാം ഈ സാമൂഹ്യക്രമം അപരവത്കരിക്കുന്നു. പിതൃകോയ്മ സൃഷ്ടിക്കുന്ന ആന്തര സംഘർഷങ്ങൾഎപ്രകാരമാണ് എം.ടി വാസുദേവൻനായരുടെ നിർമ്മാല്യം, ഇരുട്ടിന്റെ ആത്മാവ് എന്നീ തിരക്കഥകളിൽ വിനിമയം ചെയ്യപ്പെടുന്നത് എന്ന അലോചനയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** പാടിയാർക്കി, പുല്ലിംഗ കേന്ദ്രിതത്വം, പുല്ലിംഗാശയ കേന്ദ്രിതത്വം, ആര്യ പാടിയാർക്കി, ദ്രാവിഡ മാടിയാർക്കി.

ബ്രിട്ടീഷ് സാമൂഹ്യശാസ്ത്രജ്ഞയായ സിൽവിയ തെരേസ വാൽബി ലിംഗശ്രേണീ ബദ്ധമായ പിതൃകോയ്മയേക്കുറിച്ച് സമഗ്രമായ ദർശനങ്ങൾ അവതരിപ്പിച്ച വ്യക്തിയാണ്. വാൽബി പിതൃകോയ്മയേക്കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നത് "Theorising Patrriarchy' എന്ന ഗ്രന്ഥത്തിലാണ്. ഇവരുടെ അഭിപ്രായത്തിൽ പുരുഷകോയ്മയെന്നത് ആണിനു വെളിയിലുള്ള വർഗങ്ങൾ ചൂഷണം ചെയ്യപ്പെടുകയും അധീനപ്പെടുകയും ചെയ്യുന്ന സാമൂഹ്യാവസ്ഥയാണ്. പിതൃകോയ്മ ചരിത്രത്തിൽ ഒരു ഘട്ടത്തിൽ ഉടലെടുക്കുക മാത്രമല്ല മറിച്ച് ചരിത്രഗതിയനുസരിച്ച് രൂപാന്തരപ്പെടുകയും ചെയ്യുന്നു. ചരിത്രത്തിൽ രണ്ടുതരത്തിൽ പിതൃകോയ്മ പ്രവർത്തിച്ചിട്ടുണ്ട്. സ്വകാര്യരൂപിതവും ബാഹ്യോന്മുഖ രൂപിതവും. സ്വകാര്യ രൂപിതമായ പിതൃകോയ്മാലിംഗശ്രേണി വീടിനേയും കുടുംബത്തേയും കേന്ദ്രീകരിച്ച് രൂപം കൊള്ളുന്നതാണ്. ഇവിടെ പുറം ജീവിതം സ്ത്രീകൾക്ക് അന്യമാണ്. ഇവിടെ സ്ത്രീയെ പുരുഷൻ ചൂഷണം ചെയ്യുന്നു. എന്നാൽ ബാഹ്യോന്മുഖ രൂപിതത്തിൽ സ്ത്രീകൾക്ക് പുറംജീവിതം സാധ്യമാണ്.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, നിർമ്മലഗിരി കോളേജ്, കൂത്തുപറമ്പ്

എന്നാൽ പുറം ജീവിതം സാധ്യമാകുമ്പോഴും ചൂഷണം പലരീതിയിൽ നിർബാധം തുടരുന്നു . അതായത്, വാൽബി നിരീക്ഷിക്കുന്നതുപോലെ, പുറം ജീവിതം സാധ്യമാകുമ്പോഴും വിവിധ മേഖലകളിൽ ചൂഷണവും അസന്തുലിതാവസ്ഥയും നിലനിൽക്കുന്നു. സമ്മതിദാനാവകാശത്തിനും, വിദ്യാഭ്യാസത്തിനും, ജോലിക്കും വിവാഹമോചനത്തിനും തുല്യതയ്ക്കുമൊക്കെ വേണ്ടി നടന്നിട്ടുള്ള അവകാശസമരങ്ങൾ പിതൃകോയ്മ ബാഹ്യരൂപിതമായപ്പോൾ ഉണ്ടായതാണ്.{Walby,1940,201}

ഇത്തരം അധികാരഘടന സാമൂഹികജീവിതത്തെ മാത്രമല്ല സർഗ്ഗാത്മക സാഹിത്യത്തിന്റെ ഘടനയേപ്പോലും നിയന്ത്രിക്കുന്നതായി കാണാം. കെയ്റ്റ് മില്ലറ്റിനെ പോലുള്ളവർ നിലവിലുള്ള സാഹിത്യത്തിന്റെ ഘടനയും സാരസത്തയും അധികാരശ്രേണിയാണ് എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. പിതൃകോയ്മ രണ്ടുതരത്തിൽ മനുഷ്യ വ്യവഹാരങ്ങളേയും സാഹിത്യത്തേയും നിർണ്ണയിക്കുന്നുണ്ട്.

ഒന്ന്,  പുല്ലിംഗ കേന്ദ്രിതത്വം (Phallo Centrism)

രണ്ട്, പുല്ലിംഗാശയ കേന്ദ്രിതത്വം (Phollago Centrism)

ആദ്യത്തേതിൽ നിലനിൽക്കുന്ന എല്ലാറ്റിനേയും ആൺ-പെൺ ഇതര വർഗ്ഗങ്ങളായി തട്ടുവൽക്കരിക്കുകയും ആണിടങ്ങളെ മേൽതട്ടിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. പുല്ലിംഗാശയ കേന്ദ്രീതത്വം എന്നു പറഞ്ഞാൽ ആൺ വിഭാഗത്തിന് അധികാരവും അധീശത്വവും ലിംഗ ശ്രേണിഘടനയിൽ മുകൾത്തട്ടു നൽകുന്ന, ആൺവിചാരങ്ങൾ നിയന്ത്രിക്കുന്ന സാമൂഹ്യ ഘടനയാണ്. ഇത്തരം ഘടനയിൽ പെണ്ണത്തങ്ങളെ തള്ളിക്കളയുകയും ആണത്തങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

ഫെമിനിസ്റ്റ് വിചാരധാരയിൽ രൂപം കൊണ്ട ഈ ആലോചനകളെ അടിസ്ഥാനമാക്കി എം.ടി. വാസുദേവൻനായരുടെ നിർമ്മാല്യം, ഇരുട്ടിന്റെ ആത്മാവ് എന്നീ തിരക്കഥകളെ നിരൂപണം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

ഇന്ത്യയുടെ ആദിവാസി പാരമ്പര്യങ്ങളിലൊന്നും പുരുഷകേന്ദ്രിതമായ സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ ധാരകളെ ഗണനീയമാംവിധം കണ്ടെത്താൻ കഴിയില്ല. ബ്രഹ്മാവ്, സരസ്വതി, ശിവ--പാർവതി, വിഷ്ണു-ലക്ഷ്മിദ്വന്ദ്വങ്ങളിലൂടെയും മറ്റനേകം അമ്മദൈവ സങ്കല്പങ്ങളിലൂടെയും സമതുലിതമായി പോയിരുന്നു; തായ് വഴികൾക്ക് പ്രാമുഖ്യമുണ്ടായിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി പിന്നീട് പിതൃകോയ്മയിലേക്കും ആൺ വാഴ്ചയിലേക്കും പരിണമിക്കുകയായിരുന്നു. അതായത് ദ്രവീഡിയൻ മാടിയാർക്കി ആര്യൻ പാടിയാർക്കിക്കു വഴിമാറുകയായിരുന്നു. ഇന്ത്യയുടെ മാതൃദായകക്രമ പാരമ്പര്യ ധാര പ്രാചീനങ്ങളായ വൈദേശികാക്രമണങ്ങളിലൂടെയും അധിനിവേശങ്ങളിലൂടെയും ശോഷിക്കുകയും പിതൃകോയ്മയിലും അധികാരത്തിലും കേന്ദ്രിതമായ ഒരു സാമൂഹ്യ ഘടനയിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്തു. ഇത്തരത്തിൽ മാടിയാർക്കലായ സമതുലിതമായ ജനാധിപത്യപരമായ സാമൂഹിക വ്യവഹാരങ്ങളുടെ മേൽ ആണധികാരസ്ഥപിതമായ ആര്യയപാടിയാർക്കി നടത്തുന്ന കയ്യേറ്റങ്ങളുടെ സർഗാത്മക രൂപകങ്ങളെ എം.ടിയുടെ നിർമാല്യത്തിലും  ഇരുട്ടിന്റെ ആത്മാവിലും കണ്ടത്താൻ കഴിയും.

പാടിയാർക്കി ചരിത്രത്തിൽ നിർമ്മിച്ചെടുത്തിട്ടുള്ള ഏകപക്ഷീയവും അധീശത്വപൂർണ്ണവും മാനവിക വിരുദ്ധവുമായ ഇടങ്ങളും ബിംബങ്ങളും നിയമവ്യവസ്ഥകളും ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ട് ഈ രണ്ട് തിരക്കഥകളിലും , ചരിത്രത്തിന്റെ സമതുലതയെ കീഴ്പ്പെടുത്തി ചോദ്യം ചെയ്യാനാവാത്തവിധം അധികാരം സ്ഥാപിച്ചെടുത്ത വ്യവസ്ഥയ്ക്കു കീഴടങ്ങുന്ന മനുഷ്യരുടെ ജീവിതങ്ങളാണ് ഈ രണ്ടു തിരക്കഥകളുടെയും കേന്ദ്രബിന്ദു എന്ന നിരീക്ഷണത്തിനു യുക്തിഭദ്രമായ സാധ്യതയുണ്ട്. നിർമ്മാല്യത്തിലെ വെളിച്ചപ്പാടും ഇരുട്ടിന്റെ ആത്മാവിലെ വേലായുധനും മനുഷ്യരാണ്. കാലങ്ങളോളം ആദിമവും നൈസർഗികവും മാനവികവുമായ ജീവിതാവസ്ഥകളെ ബ്രാഹ്മണിക്കലും പാടിയാർക്കലുമായ നിർമ്മിതികൾ നിശബ്ദരും ശൂന്യരുമാക്കിയതുപോലെ, വരേണ്യവും മനുഷ്യവിരുദ്ധവുമായ വ്യവസ്ഥിതികൾക്കു മുൻപിൽ കീഴ്പ്പെട്ട അടിയാള ജീവിതം നയിക്കുന്നവരെ ഈ രണ്ടു തിരക്കഥയിലും കണ്ടെത്താൻ കഴിയും. അത്യന്തം സങ്കീർണ്ണവും പ്രതിലോമകരവുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ ചരിത്രത്തിലിന്നോളം പിടഞ്ഞിട്ടുള്ള മനുഷ്യരുടെ പ്രതിനിധാനങ്ങളായി വെളിച്ചപ്പാടിനേയും വേലായുധനേയും വ്യാഖ്യാനി

 ISSN No: 3049-0316


ക്കുന്നതിൽ തെറ്റില്ല. ഇത്തരം മനുഷ്യരുടെ പിടച്ചിലവതരിപ്പിക്കാൻ കഴിയുന്നിടത്താണ് എം.ടിയുടെ രചനകളുടെ സാമൂഹ്യധർമ്മം നാം ദർശിക്കുന്നത്. പരാജിതരും നിസ്സഹായരുമായ മനുഷ്യരുടെ കഥകളാണ് ഈ തിരക്കഥകൾ. "എന്നെ ചങ്ങലക്കിട്ടുക" എന്നു വിലപിക്കുന്ന വേലായുധനും തലയിൽ സ്വയം ആഞ്ഞുവെട്ടുന്ന വെളിച്ചപ്പാടും ചരിത്രത്തിലിന്നോളം അധികാര ഘടനയ്ക്കു പുറത്തു നിർത്തപ്പെട്ട, തോറ്റുപോയ മനുഷ്യരുടെ ആഖ്യാനമാകുന്നു.

ഈ രണ്ട് തിരക്കഥകളിലും സാമൂഹ്യഘടനയെ ഉറപ്പിച്ച് നിർത്തിയിരിക്കുന്നത് ഒന്നാമതായി, പുല്ലിംഗ കേന്ദ്രിതമായ കാഴ്ചവട്ടങ്ങളിലാണ്. ക്ഷേത്രവും ശ്രീകോവിലും പൂജാരി, നമ്പൂതിരി തുടങ്ങിയവരും മനയും കഥകളികോപ്പുകളും വളപ്പിൽ തളച്ചിട്ട ആനയും കഴുത്തിൽ സ്വർണ്ണം കെട്ടിച്ച രുദ്രാക്ഷമാലയണിഞ്ഞ അപ്പൻ നമ്പൂതിരിയും (നിർമാല്യം) പടിപ്പുര, കോളാമ്പി, ജോത്സ്യൻ, കവടി, ഹോമം ഉത്സവം (ഇരുട്ടിന്റ ആത്മാവ്) തുടങ്ങിയവയെല്ലാം ആൺകേന്ദ്രിതമായ പാടിയാർക്കിയുടെ നിർമ്മിതിയാണ്. എന്നാൽ വെളിച്ചപ്പാടും അമ്മിണിയും, നാരായണിയും (നിർമാല്യം) വേലായുധനും, അമ്മുക്കുട്ടിയും പാറുക്കുട്ടിയും (ഇരുട്ടിന്റെ ആത്മാവ്) പ്രതിനിധാനം ചെയ്യുന്ന മറ്റൊരു അടിച്ചമർത്തപ്പെട്ട ലോകവും ജീവിതവും തിരക്കഥയിലുണ്ട്.

രണ്ടാമതായി സാമൂഹ്യഘടന ഉറപ്പിച്ചു നിർത്തിയിരിക്കുന്നത് പുല്ലിംഗാശയ കേന്ദ്രിതത്വത്തിലാണ്. ആൺകോയ്മ നിർമ്മിച്ചെടുത്ത മതാധിഷ്ഠിതവും അനുഷ്ഠാനകേന്ദ്രിതവുമായ ആശയങ്ങളാണ് നിർമാല്യം എന്ന തിരക്കഥയിൽ വിനിമയം ചെയ്യപ്പെടുന്നത്. പുരുഷാനുകൂലമായി മാത്രം മനസിലാക്കാവുന്ന ഒരു സദാചാരബോധത്തിന്റെ വിന്യാസത്തെ അമ്മിണിയിലും നാരായണിയിലും കാണാം. ഈ അധികാര നിർമ്മിതമായ സദാചാരബോധത്തിന്റെ ധ്വംസനമാണ് "എന്റെ കുട്ടികൾ വിശന്നു കരഞ്ഞപ്പോൾ ഭഗോതി അരിയും കാശും കൊണ്ടത്തന്നില്ല" എന്ന നാരായണിയുടെ വിലാപത്തിൽ കാണുന്നത്. അപ്പോൾ വെളിച്ചപ്പാടിനുണ്ടാകുന്ന പകപ്പും നിസഹായതയും ഹയരാർക്കിക്കലായ വ്യാജ സദാചാരബോധം സമൂഹബദ്ധമാക്കുന്ന സാമൂഹ്യകടമയോടുള്ള നിസ്സഹായതയാണെന്നു കാണാം.

വേലായുധനു ചുറ്റും സൃഷ്ടിക്കപ്പെടുന്നത് സമൂഹനിർമ്മിതമായ ഇരുട്ടു വലയമാണ്. പിതൃകോയ്മക്ക് വഴങ്ങാത്ത എന്തിനേയും ഈ സംവിധാനം അപരവത്കരിക്കുന്നിടത്താണ് ഇരുട്ടിന്റെ ആത്മാവ് പുല്ലിംഗാശയ കേന്ദ്രിതമായ ഒരു കാഴ്ചവട്ടമാകുന്നത്.

അപരവത്ക്കരണവും അതിരുവത്കരണവും വാസ്തവത്തിൽ ഒരു പിതൃകോയ്മാതന്ത്രമാണ്. ഇത്തരം തന്ത്രങ്ങളുടെ ഭാഗമാകാത്തിടത്തോളം ഇത്തരം തന്ത്രങ്ങളെ അംഗീകരിക്കാത്തിടത്തോളം, ഒരാൾ ഭ്രാന്തനാകുന്നു. അപരനാകുന്നു; അതിരുകളിലേയ്ക്ക് തള്ളിമാറ്റപ്പെടുന്നു. വേലായുധന്റെ ശരീരത്തിന്മേൽ നടത്തുന്ന ഒരു കയ്യേറ്റം മന്ത്രവാദരൂപത്തിൽ തിരക്കഥയിലുണ്ട്. വേലായുധനെ ബാധഒഴിച്ചു മെരുക്കാനുള്ള മതനിർമ്മിതമായ അനുഷ്ഠാനമാണിത്. ഇത്തരം കയ്യേറ്റങ്ങൾ പിതൃകോയ്മയുടെ അടയാളമാണ്. വേലായുധനും, ഗോപാലൻ നായരും, അമ്മുകുട്ടിയും പാറുകുട്ടിയുമൊക്കെ സംസാരിക്കുന്ന, പരസ്പരം ആശ്രയിക്കുന്ന ഒരു സമാധാനപൂർണ്ണമായ ദേശഭൂമിയിലേക്കാണ് അധീശത്വത്തിന്റെ പാടിയാർക്കൽ മനോഘടനയുമായി സിംഗപ്പൂരിൽനിന്ന് ഒരു വൈദേശീയ അധിനിവേശം മാധവൻ നായരിലൂടെയും കുടുംബാംഗങ്ങളിലൂടെയും നടക്കുന്നത്.

ദ്രാവിഡമായ ഒരു ദേശസങ്കല്പത്തിലേയ്ക്ക് കടന്നുവരുന്ന ആര്യാധിനിവേശവും തുടർന്നുണ്ടാകുന്ന സംഘർഷങ്ങളും ദ്രാവിഡദേശത്തിന്റെ പരാജയവും ചങ്ങലക്കിടലുമായി ഇരുട്ടിന്റെ ആത്മാവിനെ യുക്തി ഭദ്രമായി വായിക്കാം. അധികാരഘടനയുടെ പുത്തൻ പരിഷ്കാരങ്ങളുടെ പ്രതിനിധാനങ്ങളാണ് രാജനും, പ്രേമനും. അധികാരഘടനയുടെ ദേശീയ ബോധത്തിൽ നിന്ന് പുറത്തേക്കു പോകാൻ ഗോപാലൻ നായരും അമ്മുക്കുട്ടിയും ശ്രമിക്കുന്നുണ്ടെങ്കിലും അമ്മുക്കുട്ടിയെ രണ്ടാം കെട്ടുകാരനിലേയ്ക്ക് ചേർത്തുവയ്ക്കുന്നതിലൂടെ പുരുഷാധീശത്തിൽനിന്ന് ആത്യന്തികമായ രക്ഷപ്പെടൽ അസാധ്യമാക്കുമാറ് പുരുഷകോയ്മയുടെ ലിംഗശ്രേണി ശക്തമാണെന്ന് അറിയുന്നു. അത്രമേൽ അധീശത്വം പുലർത്തുന്ന പുരുഷകേന്ദ്രിതമായ പാടിയാർക്കി. സ്ത്രീത്വത്തെ പുരുഷലോകത്തിനുള്ളിൽ തിരിയുന്ന അസ്തിത്വങ്ങളായാണ് നിർമാല്യവും ഇരുട്ടിന്റെ ആത്മാവും ചിത്രീകരിക്കുന്നത്. വീടിനേയും ക്ഷേത്രത്തിന്റെ പുറംലോകത്തേയും ചുറ്റിജീവിക്കുന്ന അമ്മിണി, നാരായണി എന്നിവർ അധികാരലോകശാസനകൾക്കുള്ളിൽ കുടുങ്ങിക്കിടങ്ങുന്നവരാണ്.

അധികാര നിർമ്മിതമായ സദാചാര ശീലങ്ങളേയും പാതിവ്രത്യസങ്കല്പത്തേയും നാരായണി ലംഘിച്ചു എന്നറിയുന്ന വെളിച്ചപ്പാട് പ്രതികരിക്കുന്നതും പുരുഷലോകത്തിനു യോജിച്ച രീതിയിൽ തന്നെയാണ്. ദിനങ്ങൾ നീണ്ട സ്നേഹപ്രകടനങ്ങൾക്കു ശേഷം ഉണ്ണി നമ്പൂതിരി മറ്റൊരു വേളിക്കൊരുങ്ങുമ്പോൾ നിശബ്ദയായിനിൽക്കുന്ന അമ്മിണി മറുചോദ്യമില്ലാതെ പാടിയാർക്കി നിർമ്മിച്ചെടുത്ത സ്ത്രീബോധങ്ങളെ പ്രതിനിധാനം ചെയ്യുന്നു. പാതിവ്രത്യസങ്കല്പം പാടിയാർക്കിയുടെ നിർമ്മിതിയാണെന്നത് ഫെമിനിസ്റ്റ് വാദമാണ്. പാതിവ്രത്യലംഘനം നടത്തിയ നാരായണിയെ വെളിച്ചപ്പാടിന് ഉൾക്കൊള്ളാനാവുന്നില്ല. വെളിച്ചപ്പാടിൽ നിന്ന് വാർന്നൊഴുകുന്ന ചോര കാലങ്ങളായി ചരിത്രത്തിൽ ഒഴുക്കപ്പെട്ടിട്ടുള്ള അവർണ്ണ ബോധ്യത്തിന്റെ ചോരതന്നെയാണ്.

ചുരുക്കത്തിൽ നിർമാല്യം, ഇരുട്ടിന്റെ ആത്മാവ് എന്നീ തിരക്കഥകളെ കഥയ്ക്കപ്പുറത്തേക്ക് വായിക്കുമ്പോൾ ആണധികാരവും പാടിയാർക്കിയും കീഴ്പ്പെടുത്തിയ ചരിത്രത്തിന്റെ ഇരുട്ടു നിറഞ്ഞ ഭാഗത്തുനിന്ന് അധികാരഘടനയെ വെല്ലുവിളിക്കാൻ കഴിയാതെ അവസാനിച്ചുപോകുന്ന മനുഷ്യരെ കാണാം. ദേശചിത്രങ്ങളെ കാണാം.

## Bibliography

Walby,s. Theorising Patriarchy,London:Oxford Blackwell,1990